# എന്റെ നാട്ടിലേക്കുള്ള അടിയന്തര സന്ദേശങ്ങൾ

## برقيات عاجلة إلى وطني

## ഡോ. സുആദ് മുഹമ്മദ് അൽ സബാഹ്

## വിവർത്തനം

## ഡോ. സബീന. കെ

# ഞാൻ കുവൈത്തിന്റെ മകൾ ആണ്.

ഞാൻ കുവൈറ്റിന്റെ മകളാണ്.

ഭംഗിയുള്ള പേടമാനിനെ പോലെ മണലിൽ
ഉറങ്ങുന്ന ഈ കടൽത്തീരത്തിന്റെ മകൾ...

എന്റെ കണ്ണിൽ, രാത്രി നക്ഷത്രങ്ങളും
ഈന്തപ്പനകളും  സംഗമിക്കുന്നു..

എന്റെ പൂർവ്വികരെല്ലാവരും ഇവിടെ നിന്നും
കപ്പൽ കയറുന്നു, അസാധ്യമായതെല്ലാം
നേടിയെടുത്തവർ  മടങ്ങും

ഞാൻ കുവൈത്തിന്റെ മകളാണ്.

എന്റെ ഹൃദയം മരക്കുതിരയെപ്പോലെ
വരണ്ടുണങ്ങുമോ? .

മരക്കുതിരയെപ്പോലെ തണുത്തുറയുമോ?

എന്റെ അറബ് ബന്ധം മുറിക്കാൻ കഴിയുമോ?

എന്റെ ശരീരം അറബിക്കടലിൽ നിന്ന് പാനം
ചെയ്യുന്ന ഈന്തപ്പനയാണ്.

എന്റെ മനസ്സിന്റെ താളിൽ അറബികളുടെ എല്ലാ തെറ്റുകളും സങ്കടങ്ങളും പ്രതീക്ഷകളും അത് വരച്ചിട്ടു.

മഹ്ദി ഞങ്ങളുടെ അടുത്തേക്ക് വരുന്നതും കാത്തു ഞാൻ എപ്പോഴും ഇവിടെയുണ്ടാകാറുണ്ട്.

അവന്റെ കണ്ണുകളിൽ  പാടുന്ന പക്ഷിയുണ്ട്,

നിലാവുണ്ട്,

മഴയുടെ സുവിശേഷങ്ങളുണ്ട്.

ഞാൻ ഇവിടെത്തന്നെ യുണ്ടാകും

ഒരു വില്ലോ മരം തിരഞ്ഞുകൊണ്ട്...

ഒരു നക്ഷത്രവും..

ഈ മരീചികയ്ക്ക് പിന്നിലൊരു പറുദീസയും

എച്ചിൽ കൂനയിൽ നിന്നൊരു പൂവിടരുന്നതും കാത്തുകൊണ്ടും

സമുദ്ര പുഷ്പം

കുവൈറ്റ്.....

കുവൈറ്റ്....

കാലം കടൽ കടന്നുപോയ തുറമുഖങ്ങൾ,
സ്നേഹത്തിന്റെ മരുപ്പച്ച....
സുരക്ഷിതത്വത്തിന്റെ നാട്...

മഹത്തായ ജനത... ഉദാരനായ ദൈവം....

ദൈവകൃപയാൽ ചുറ്റപ്പെട്ട ഒരു നാട്.

കുവൈറ്റ്...കുവൈറ്റ്... കണ്ണാടി പോലെ
മിനുക്കിയ കടൽത്തീരങ്ങൾ...

നിത്യവും പുലർകാലങ്ങളിൽ

ഞങ്ങൾക്ക് ആയിരമായിരം സമ്മാനങ്ങൾ
വിതരണം ചെയ്യുന്ന കടൽ..

എന്റെ ഉപ്പയുടെ പ്രഭാത കോഫീ...

എന്റെ ഉമ്മയുടെ പുഞ്ചിരി..

എന്റെ പേഴ്സ്...

എന്റെ മെടഞ്ഞിട്ട മുടിയിഴകൾ..

സ്കൂളിൽ പോകുന്നതിന് മുമ്പുള്ള ഒരു കപ്പ്
പാൽ..

ഒപ്പം എനിക്ക്  കിട്ടിയ ആദ്യത്തെ പ്രണയ ലേഖനം..

അങ്ങനെ എന്റെ രക്തത്തിൽ ഒരു കൊടുങ്കാറ്റിനെ കാത്തു വെച്ച കുവൈത്ത്.

കുവൈത്...

ഞാൻ എവിടെപ്പോയാലും.... എന്റെ നെഞ്ചിലെ മൂടുപടമായി നീ എനിക്കൊപ്പമുണ്ടാകും....

എന്റെ ജീവിതത്തിന്റെ അവസാന ദിനം വരെയും...

മുടിയിഴക്കുള്ളിലെ പനിനീർപ്പൂവായി..... എന്റെ ഹൃദയത്തിനാഴങ്ങളിൽ കൊത്തിവെച്ച പച്ച മുദ്രയായി...

കുവൈത്...

കുവൈത്...

ഇവിടെ

സിന്ദാബാദിന്റെ യാത്രകൾ

തുടങ്ങിയിരിക്കുന്നു...

ഇവിടെയാണ് സമുദ്രപുഷ്പങ്ങൾ പൂവിട്ടത്.

നക്ഷത്രങ്ങൾ ഇറുത്തെടുത്തും ഈത്തപ്പനകൾ നട്ടുകൊണ്ടും... വെല്ലുവിളികളുടെ

നിമിഷങ്ങളിലും രാജ്യങ്ങളെ
സൃഷ്ടിച്ചുകൊണ്ട്,

ഇവിടെ നിന്നും ഇബ്നു മാജിദ്
യാത്രയായിരിക്കുന്നു....

ഇവിടെ,

ഗൾഫ് വെള്ളത്തിൽ ഈത്തപ്പനകളും
കവിതകളും ഒരുമിച്ചു സ്നാനം ചെയ്യുന്നു.
അങ്ങനെ ഞങ്ങളുടെ വാഗ്ദാനത്തിലേക്കു
റബ്ബാക്കോയും ബാനത് സുഹാദും
എത്തിയിരിക്കുന്നു.

കുവൈറ്റ്....

കുവൈറ്റ്....

ഞാൻ നിന്നെ  സ്നേഹിക്കുന്നു...
സൂര്യനെപ്പോലെ  ലോകങ്ങൾക്ക് നീ പ്രകാശം
ചൊരിയുന്നു..

ഞാൻ നിന്നെ സ്നേഹിക്കുന്നു.

ഭൂമിയെപ്പോലെ

വിശക്കുന്നവനു നീ നിന്റെ ഗോതമ്പുമണികൾ നൽകുന്നു

ഭയമുള്ളവരുടെ  ആശങ്കകൾ നീ പങ്കുവെക്കുന്നു...

വിപ്ലവകാരികളുടെ മുറിവുകൾ നീ പങ്കിടുന്നു ...

കുവൈറ്റ്..

കുവൈറ്റ്..

അഭിപ്രായ സ്വാതന്ത്ര്യത്തിനു നിന്നിൽ നീണ്ട പൈതൃകമുണ്ട്.

നിന്റെ കൈകളിലെ സ്നേഹത്തിന്റെ കുഞ്ഞ് അതിമനോഹരമാണ്. നിന്നിലെ അറബിത്തനിമയുടെ കൃഷി

ഈ ഈന്തപ്പനകളെ പോലെ ഏറെ പഴക്കം ചെന്നതാണ്.

നിന്റെ ഉന്നതമായ മനസ്സുപ്പോലെ  നീയൊരു

വെട്ടിത്തിളങ്ങുന്ന നക്ഷത്രവുമാവുക

വഴി പിഴച്ചവർക്ക് വിളക്കുമാടവും
ക്ഷീണിതർക്ക് തലയിണയുമാകുക.

പിന്നെ തന്റെ എല്ലാ കുട്ടികളെയും ഒരുപോലെ
കെട്ടിപ്പിടിക്കുന്ന ഏതൊരു
അമ്മയെപ്പോലെയുമാവുക.

കുവൈറ്റ്, കുവൈറ്റ്, നിന്റെ
പാൽപുഞ്ചിരിയും നിന്റെ ചിരിയുടെ
സ്വരരാഗവും ഞാൻ ഇഷ്ടപ്പെടുന്നു.

പരിക്ഷീണിതയും നിശ്ശബ്ദയുമായ നിന്നെ
ഞാൻ ഇഷ്ടപ്പെടുന്നു...

നീ സങ്കടപ്പെടുമ്പോൾ നിന്റെ കണ്ണുകളുടെ
ആഴവും ക്ഷീണവും

ഞാൻ ഇഷ്ടപ്പെടുന്നു.

ഒപ്പം എന്റെ പ്രവാസത്തിലും യാത്രയിലും
ഞാൻ നിന്നെ സ്നേഹിക്കുന്നു.

നിന്റെ ഓരോ കല്ലുകളെയും ഞാൻ
ഇഷ്ടപ്പെടുന്നു മംഗോളിയരുടെ ബയണറ്റുകളും
താർതാരികളുടെ

സൈന്യങ്ങളുമുണ്ടെങ്കിലും ഞാൻ നിന്നെ

ഇഷ്ടപ്പെടുന്നു.

നിന്റെ ആകാശം മിന്നലുകൾ കൊണ്ടു അലംകൃതമാകുമ്പോഴും

തീപ്പൊരികൾ കൊണ്ടു സുഷിരങ്ങൾ വീഴുമ്പോഴും നിന്നെ ഞാനിഷ്ടപ്പെടുന്നു.. ഇത്രത്തോളം അത്യാസന്നാ നിലയിലും നീയെങ്ങനെ ഇത്രമാത്രം മനോഹരമാകുന്നു..!

കുവൈറ്റ്..

കുവൈറ്റ്.... സംസാരത്തെ കൊലപ്പെടുത്താനുംഎല്ലാ മനോഹരമായ പക്ഷികളെയും എല്ലാ പ്രാവുകളേയും ഉന്മൂലനം ചെയ്യാനും അറബ് ലോകം തീരുമാനിച്ചു.

ഞങ്ങൾ വീടില്ലാത്ത പക്ഷികളായിരിക്കെ, സംസാരിക്കാനുള്ള അവകാശം മാത്രമേ ആഗ്രഹിക്കുന്നുള്ളൂ..

ഞങ്ങൾ സംസ്കാരസമ്പന്നരായ പക്ഷികളാണ്.

ചോർത്തപ്പെട്ട തലച്ചോറും

എല്ലുകൾ ഒടിഞ്ഞു തൂങ്ങുന്നതും ഞങ്ങൾക്ക് അസഹനീയമാണ്.

ഞങ്ങൾ പോരാടുന്ന അക്ഷരങ്ങളാണ്..

സകല ഇരുണ്ട യുഗങ്ങളെയും കവിതകൊണ്ട് ആ അക്ഷരങ്ങൾ പരാജയപ്പെടുത്തും.

എന്റെ രാജ്യം  സർവ്വ പക്ഷികൾക്കും സങ്കേതമായി തുടരുന്നതിൽ എനിക്ക് സന്തോഷമുണ്ട്.

ഒപ്പം ഗായകരുടെയും കവികളുടെയും വീടാകുന്നതിലും...

ഞാൻ അഭിമാനിക്കുന്നു....

എന്റെ നാടിന്റെ മണ്ണ് വയലറ്റിന്റെയും രക്തസാക്ഷികളുടെയും സന്ദർശന കേന്ദ്രമായതിൽ....

അറബ് യുദ്ധങ്ങളിൽ മേൽക്കൂരയില്ലാതെ അവശേഷിച്ചവർക്ക് ഒരു മേൽക്കൂരയായി മാറിയതിൽ...

എന്റെ രാജ്യം അതാ ഗ്രഹിക്കുന്ന സമയത്ത്
പ്രഭാതം വരുകയും ആവശ്യമുള്ളപ്പോഴെല്ലാം
കടൽ അലറുകയും

തിരമാലകൾ കോപിക്കുകയും ചെയ്യുന്ന
സ്വാതന്ത്ര്യത്തിന്റെ ഒരു അത്ഭുത ദ്വീപായി
തുടരുന്നതിൽ.....

എന്റെ രാജ്യംവളരെ വിസ്തൃതമായതിലും ശുദ്ധ
വായു ശ്വസിക്കാൻ പറ്റിയ
ജാലകങ്ങളുള്ളതിനാലും.....

ഞാനഭിമാനിക്കുന്നു...

പക്ഷെ അന്വേഷണങ്ങളുടെ യുഗം ഞങ്ങളിൽ
നിന്ന് ആകാശത്തെ അപഹരിച്ചു. ബാഗുകൾ
കണ്ടുകെട്ടി, ഞങ്ങളിൽ നിന്ന് യാത്രയും
കണ്ടുകെട്ടി..

നിലാവിനെ ബന്ധനസ്ഥമാക്കി.

## എന്റെ പ്രിയപ്പെട്ട കുവൈത്തിൽ നിന്നൊരു കാർഡ്.

ഇതാ  ഇവിടെ ഞങ്ങൾ അവശേഷിക്കും..ഇതാ ഇവിടെ ഞങ്ങൾ
അവശേഷിക്കും..വെള്ളത്തിൽ നിന്നും വെള്ളത്തിലേക്കുള്ള യാത്രയിൽ
ഹൃദയത്തിൽ നിന്നും ഹൃദയത്തിലേക്കുള്ള യാത്രയിൽ

ദൈവത്തിൽ നിന്നും ദൈവത്തിലേക്കുള്ള യാത്രയിൽ

ഈ ഭൂമി നമ്മുടേതാണ്. ഈ മണ്ണിൽ ചോര പൊടിയുന്ന എല്ലാ സൂചിമുനകളും എന്റെ ഹൃദയത്തിലാണ് തറയ്ക്കുന്നത്.

ഞങ്ങൾ ഇവിടെയുണ്ടാകും..

ഈ ഭൂമി ഞങ്ങളെ മുലയൂട്ടുന്ന  അമ്മയാണ്,

ഇത് ഞങ്ങളുടെ കൂടും ഉടുപ്പും അഭയവുമാണ്,

ഞങ്ങളുടെ നഗ്നത മറക്കുന്ന വസ്ത്രമാണ്, ഞങ്ങൾക്ക് അഭയം നൽകുന്ന മേൽക്കൂരയാണ്,

അത് നമ്മെ സംരക്ഷിക്കുന്ന നെഞ്ചാണ്...

അത് ഞങ്ങൾ എഴുതുന്ന അക്ഷരമാണ്,

അത് ഞങ്ങൾ എഴുതുന്ന കവിതയാണ്...

ഓരോ തവണയും അവർ ഈ ഭൂമിക്കു നേരെ തൊടുത്തു വിടുന്ന ഓരോ അമ്പും

എന്റെ ഹൃദയത്തിലാണ് പതിക്കുന്നത്.

സിൻദബാദ്....

ഇവിടെ നിന്നുള്ള മഹാനായ ഗൾഫ് നാവികനായിരുന്നു.. ഇവിടെ നിന്ന് സ്വപ്നങ്ങളുടെ യാത്രയിൽ പങ്കെടുത്തവരെല്ലാം ഞങ്ങളുടെ മക്കളാണ്. തിരമാലകളുടെ പർവ്വതങ്ങളെ  പിളർത്തുന്ന തുഴകൾ ഇവിടെനിന്നുള്ളവരുടെ തായിരുന്നു...

ഞങ്ങളെ അറിയുന്നതുപോലെ,

ഈ കടലിനെ ഞങ്ങൾക്ക് നന്നായറിയാം..

അതിന്റെ നീല തിരമാലകളിൽ ഞങ്ങൾ ജനിച്ചു വീണു.

ഈ കടലിലെ മത്സ്യങ്ങളോടൊപ്പം ഞങ്ങൾ നീന്തിത്തുടിച്ചു..

അയൽപക്കത്തെ ആൺകുട്ടികളോടൊപ്പം ഞങ്ങൾ കളിച്ചു...

ഉറക്കമൊഴിച്ചു....

പ്രണയിച്ചു....

ഈ നാടിനെ കുവൈറ്റ് എന്ന് വിളിക്കുന്നു.

ദൈവം നമുക്ക് തന്ന സമ്മാനം!

മാതാവിന്റെയും പിതാവിന്റെയും സംതൃപ്തി ഞങ്ങളിലുണ്ട്.

എത്രയെത്ര ഈന്തപ്പനകളും മരങ്ങളുമാണ് ഞങ്ങളീ മണ്ണിൽ നട്ടുപിടിപ്പിച്ചിട്ടുള്ളത്... കുട്ടിക്കാലങ്ങളിൽ നാം അതിന്റെ താഴ്വരകളിൽ എത്രയെത്ര അലഞ്ഞുതിരിഞ്ഞു,! അതിന്റെ ഓരോ മണൽ തരികളും ഇഞ്ചിഞ്ചായി അരിച്ചുപെറുക്കി, അതിന്റെ കണ്ണുകളുടെ സ്ഫടിക പാത്രത്തിൽ ഇരുന്നു എത്രമാത്രമാണ് ഞങ്ങൾ  സമയം കഴിച്ചത്...!!

കുവൈറ്റ് എന്ന ഈ നാട്,

നമ്മെ പോറ്റുന്ന ഗോതമ്പിന്റെ മെതിക്കളമാണ്...

നമ്മെ ആദരിച്ച ദൈവത്തിന്‌റെ കൃപ!

നമ്മെ സംരക്ഷിക്കുന്ന ദൈവത്തിന്റെ കരവും!

അതിനു മുൻപും അതിനു ശേഷവും ഒരായിരം പ്രണയങ്ങൾ നമ്മൾ അറിഞ്ഞിട്ടുണ്ട്..

അവളെക്കാൾ കൂടുതൽ സുന്ദരിയായ ഒരു സ്ത്രീയെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല

അതിനേക്കാൾ വാൽസല്യമുള്ള മറ്റൊരു നാടോ അതിനേക്കാൾ കാരുണ്യമുള്ള മറ്റൊരു ഹൃദയമോ ഞങ്ങൾ കണ്ടെത്തിയിട്ടില്ല.

കുവൈറ്റ് എന്ന് വിളിക്കുന്ന ഈ നാട് നമ്മിൽ ഒരാളാണ്. നമ്മുടേതാണ്..

അവളെ വേദനിപ്പിക്കുന്ന ഓരോ സൂചിമുനകളും  എന്റെ ഹൃദയത്തിലാണ് തറക്കുന്നത്.

കുവൈറ്റ് എന്ന് വിളിക്കപ്പെടുന്ന ഈ ഭൂമി,

അതിന്റെ പരമാണുവിൽ നാം പറ്റിച്ചേർന്നിരിക്കുന്നു.

അതിന്റെ ആഴങ്ങളിൽ ഒളിഞ്ഞിരിക്കുന്ന മുത്താണ് നാം....

അതിന്റെ ഈന്തപ്പനകളിലെ  ചുവന്ന ഈത്തപ്പഴമാണ് നമ്മൾ..

അതിന്റെ

നിലാമുറ്റത്ത്

ഉറങ്ങുന്ന ചന്ദ്രനാണ്.....നമ്മൾ

ഈ ഭൂമിയെ കുവൈറ്റ് എന്ന് വിളിക്കുന്നു

അത് നമ്മുടെ രക്തത്തിൽ തങ്ങിനിൽക്കുന്ന ഒരു സുഗന്ധമാണ്.

ഒപ്പം നമ്മുടെ നാളെയെ പ്രകാശിപ്പിക്കുന്ന വിളക്കുമാടങ്ങളും

അത് നമ്മുടെ ഹൃദയത്തിനുള്ളിലെ മറ്റൊരു ഹൃദയമാണ്!

കുവൈത്തികൾ ഇവിടെഅവശേഷിക്കുക തന്നെ ചെയ്യും... കുവൈത്തികൾ ഇവിടെ അവശേഷിക്കുക തന്നെ ചെയ്യും..

എല്ലാ കുലീനരായ അറബികളും ഇവിടെ തുടരും...

ദൈവത്തിന്റെ പേരിൽ,

വാളിന്റെ പേരിൽ,

നാടിന്റെയും,

കുട്ടികളുടെയും,

ചരിത്രത്തിന്റെയും

പേരിൽ.

കുവൈത്തികൾ ഇവിടെ തുടരും.

ഞങ്ങളുടെ വായടപ്പിക്കുന്നവരുടെ വായ ഞങ്ങൾ അടപ്പിക്കും...

ഞങ്ങളെ മർദിക്കുന്ന കരങ്ങളെ ഞങ്ങൾ മുറിച്ചു മാറ്റും.

**ഞങ്ങൾ കോപാകുലരായി അവശേഷിക്കും..**

ഉയരമുള്ള മരങ്ങളെപ്പോലെ ഞങ്ങളിവിടെ നിൽക്കും,

കുവൈറ്റ് കടലിലെ തിരമാലകൾ പോലെ...

ഞങ്ങൾ കോപാകുലരാകും...

അവർ ഒരിക്കലും ഞങ്ങളുടെ പകൽ കവർന്നെടുക്കുകയില്ല..

ഒരിക്കലുമില്ല..

പുലർച്ചെ ടാങ്കിന്മേൽ വരുന്നവരെ....

സംസാരിക്കുന്ന ടാങ്കുകളെ ആരെങ്കിലും കണ്ടിട്ടുണ്ടോ...?

ഒരിക്കലുമില്ല...

എന്റെ രാജ്യത്ത് നിങ്ങളെ നയിക്കാൻ ഒരു നക്ഷത്രമോ നിങ്ങളെ ഓർക്കുന്ന ഒരു ഈന്തപ്പനയെയോ നിങ്ങളോട് നന്ദി കാട്ടുന്ന ഒരു കുഞ്ഞിനെയോ നിങ്ങൾക്ക് കണ്ടെത്താനാകില്ല.

ഒരുപക്ഷെ നിങ്ങൾ ഞങ്ങളുടെ വാതിലുകളും
.... കുവൈറ്റ് വീടുകളും തകർത്തേക്കാം....

മതിലുകളായി.....

മതിലുകളായി...

പക്ഷെ,

ഞങ്ങൾ  മരങ്ങളെപ്പോലെ...

നദികളെപ്പോലെ... വനങ്ങളെപ്പോലെ....
താഴ്വരകളെപ്പോലെ....

നക്ഷത്രങ്ങളെപ്പോലെ..മാനുഷിക സ്വാതന്ത്ര്യം
നിലകൊള്ളുന്നത്
പോലെ...നിലകൊള്ളുകതന്നെ ചെയ്യും....

അതിനാൽ ഞങ്ങളുടെ മാംസത്തിൽ നിന്നും
നിങ്ങളുടെ കഠാരകളെ വലിച്ചൂരുക..

ഞങ്ങളുടെ

സമുദ്രത്തിലെ മുത്തുകളും ചിപ്പികളും
ഞങ്ങൾക്കു തിരിച്ചു തരിക...

എന്നിട്ട് നിങ്ങൾ വന്നിടത്തേക്ക് തന്നെ മടങ്ങിക്കൊൾക...

പ്രായഭേദമന്യേ.. അടിച്ചമർത്തലിനെ നിരാകരിക്കുന്ന ഒരു ജനതയാണ് ഞങ്ങൾ...

കുവൈറ്റ് ഭൂമിയിൽ നിങ്ങൾ എവിടെ നടന്നാലും

ഓരോ മണൽത്തരികളും തീക്കനലായി മാറും

കടൽ തീയായി മാറും..

ഒരിക്കൽ ഞങ്ങളുടെ അയല്പക്കമായിരുന്നവരെ...

ഞങ്ങളുടെ ആയിരക്കണക്കിന് ഒറിക്സുകളെ ഭയപ്പെടുത്തിയവരെ.... കണ്ണിലെ കണ്മഷിയെ ഇല്ലാതാക്കിയാൽ.... അതിനെ വിജയമെന്ന് വിളിക്കുമോ..?

ഒരുപക്ഷെ നിങ്ങളതിനെ മഹാകാവ്യാമെന്നൊക്കെ വിശേഷിപ്പിച്ചേക്കാം... പക്ഷെ ഞാനതിനെ ആത്മഹത്യാ എന്നേ വിളിക്കൂ.

എന്റെ വീട് തകർത്ത അയൽപക്കമേ.... ഞാനെന്റെ ഹൃദയത്തിൽ മറ്റൊരു വീട് പണിതു.

ഞാൻ  അടിച്ചമർത്തപ്പെട്ടവളായി...

സർവസ്വവും നഷ്ടപ്പെട്ടവളായി.....

 തകർന്നു പോയവളായി...

നിരാശ, എന്റെ മോഹങ്ങളെ ഇടത്തോട്ടും വലത്തോട്ടും എറിയുന്നു...

ഞാൻ വെള്ളം നൽകിയവനേ...

എനിക്ക് നീ മരുഭൂമിയെ പകരം നൽകി.

ഞാൻ ചക്രവാളങ്ങളെ നൽകിയവനെ...

എനിക്ക് ചുറ്റും നീ ഉപരോധം തീർത്തു..

ഞാൻ അല്ലാഹുവിന്റെ സഹായം നൽകിയവനെ...

നീയെനിക്കു തകർച്ചയെയും അധിനിവേശത്തേയും പകരം വെച്ചു....

പക്ഷിക്കൂട്ടങ്ങളെ ചുട്ടെരിച്ചവനെ....

അതിന്റെ തൂവലുകളോട് പോലും നീ ക്ഷമാപണം നടത്തിയില്ല..

ഞാൻ ഭ്രാന്തിയായാൽ എന്നെ നീ പിടികൂടരുത്.

നീ മനുഷ്യന്റെ ഒരു ഇഷ്ടത്തെയും ബാക്കി വെച്ചില്ല...

പ്രഭാതങ്ങളിൽ ഞങ്ങളുടെ ശരീരങ്ങൾക്കു മുകളിലൂടെ നടക്കുന്നവരെ ....

ഞാൻ നിങ്ങളോട് ചോദിക്കുന്നു...

ഞങ്ങൾ എന്തു തെറ്റ് ചെയ്തു..?

എന്നെങ്കിലും ഞങ്ങൾ ആഗ്രഹങ്ങളുടെ ഉടമ്പടികളെ നിഷേധിച്ചിട്ടുണ്ടോ? നിഷേധിച്ചിട്ടുണ്ടോ? നന്മയിലും തിന്മയിലും ഞങ്ങൾ നിങ്ങൾക്ക് ഒപ്പമായിരുന്നില്ലേ..? എന്നിട്ടും ഞങ്ങളുടെ വശങ്ങളിൽ  നിങ്ങൾ വാളുകൾ നാട്ടുന്നത് എന്തിന്?

ഞങ്ങളുടെ കുടുംബത്തിന്റെ സംരക്ഷണത്തെ പുച്ഛിക്കുന്നതെന്തിന്? നിർഭയത്വം ഉള്ള ഈ ഭൂമിയെ മരണവും നാശവും കൊണ്ട് നിറയ്ക്കുന്നതെന്തിന്....?

പ്രഭാതങ്ങളിൽ ഞങ്ങളുടെ അവശി ഷ്ടങ്ങൾക്ക് മേൽ നടക്കുന്നവരേ...

എന്റെ എല്ലുകൾ പോലും പൊടിഞ്ഞു പോയിരിക്കെ

സംസാരം കൊണ്ടും

എന്റെ അലർച്ചകൾ കൊണ്ടും എന്ത് പ്രയോജനം...?

ഞാൻ ആവശിഷ്ടങ്ങൾക്കടിയിൽ
കുഴിച്ചുമൂടപ്പെട്ടിരിക്കെ, എന്റെ ശബ്ദം
കേൾക്കുന്ന ആരെങ്കിലും ഉണ്ടാകുമോ..?

പുറകിൽ നിന്നും ഒരു അറബി വാൾ എന്നെ
കുത്തുമ്പോൾ ചരിത്രം ലജ്ജിക്കും..

എന്റെ വിരിപ്പിൽ ബന്ധുക്കളെന്നെ
കൊലപ്പെടുത്തിയാൽ.. അറബ് സ്വപ്നങ്ങൾ
ധൂളികളായി മാറും.

## മംഗോളിയക്കാർ പോവുകതന്നെ ചെയ്യും

മംഗോളിയക്കാർ പോവുക തന്നെ ചെയ്യും..

നമ്മുടെ ഭൂമിയിലെ ശുദ്ധമായ ഓരോ
അണുവിൽ നിന്നും....

മംഗോളിയക്കാർ പോവുക തന്നെ ചെയ്യും.

കടൽ അതിന്റെ സ്ഥാനത്തേക്ക് മടങ്ങും.

ഈന്തപ്പനകൾ അവയുടെ സ്ഥാനത്തേക്ക്
തന്നെ മടങ്ങും..

കുവൈറ്റ് നിവാസികൾ അവരുടെ
വിലാസത്തിലേക്ക് തന്നെ മടങ്ങും,

താഴ്‌വരകളും തിരമാലകളും വയലുകളും
മടങ്ങിവരും, എല്ലാ വീടുകളിലും
സൂര്യനുദിക്കും.

കുവൈറ്റ് കുവൈറ്റിലേക്ക് തന്നെ
തിരികെയെത്തും..

ടാറ്റാറുകൾ നമ്മുടെ കടലിൽ മുങ്ങിമരിക്കും

ടാറ്റാറുകൾ നമ്മുടെ കടലിൽ മുങ്ങിമരിക്കുക തന്നെ ചെയ്യും.

വാളിലൂടെയും  ദൃഢനിശ്ചയത്തിലൂടെയും

നാം നമ്മുടെ അവകാശങ്ങൾ വീണ്ടെടുക്കും.

സമൂഹമൊറ്റക്ക് തീർപ്പുണ്ടാക്കും.

ക്ലോക്കിന്റെ സൂചികളെ പിന്നിലേക്ക് തിരിക്കാനോ..

ഭൂമിയുടെ സവിശേഷതകളെയും ആകാശ ശാസ്ത്രങ്ങളെയും മാറ്റി മറിക്കാനോ അവർക്കൊരിക്കലുമാവില്ല.

മരങ്ങളെയും  മഴയെയും ജീവനേയും ജീവജാലങ്ങളേയും  കൊന്നൊടുക്കാൻ

അവർക്കൊരിക്കലുമാകില്ല

എണ്ണയും പ്രാർത്ഥനയും കൊണ്ട് അവരുടെ വാളുകൾ കഴുകാനും അവർക്കാകില്ല.

നമ്മുടെ കൺപോളകളിൽ നിന്ന് ഈച്ചകൾ ആട്ടിയോടിക്കപ്പെടും.. നമ്മൾ ആട്ടിയോടിക്കുകതന്നെ ചെയ്യും.

അവർക്കൊരിക്കലും നമ്മുടെ ഇച്ഛയെ തകർക്കാനാവില്ല.

നമ്മുടെ പേരുകൾ മായ്ച്ചുകളയാനും...

നമ്മുടെ സിരകളിൽ നിന്ന് രക്തം മോഷ്ടിക്കാനോ

നമ്മുടെ സ്ത്രീകളെ ഗർഭച്ഛിദ്രം ചെയ്യാനോ അവർക്കാവില്ല.

പൂക്കൾ വിടരുന്നതോ ഋതുഭേദങ്ങളെ വിലക്കാനോ അവർക്കാകില്ല...

ഞങ്ങൾ മംഗോളിയരെ പുറത്താക്കും..

നാളുകൾ എത്ര നീണ്ടു പോയാലും കുവൈത്തിനെ ഞങ്ങൾ തിരിച്ചുകൊണ്ടുവരും. കടലിനെ അതിന്റെ നീലിമയിലേക്കും പുലർകാലത്തെ അതിന്റെ ചുവപ്പിലേക്കും

കുട്ടിയെ അതിന്റെ കളിപ്പാട്ടത്തിലേക്കും ഞങ്ങൾ തിരികെയെ ത്തിക്കും.

കുവൈത്ത് ഗോപുരങ്ങളെ ഞങ്ങൾ വീണ്ടെടുക്കും.

എത്ര ഇരുട്ടിയാലും കുവൈത്തിനെ ഞങ്ങൾ തിരിച്ചു കൊണ്ടുവരും. ഞങ്ങളുടെ വിശാലമായ ഭൂമിയെയും അമ്മാവന്മാരെയും പിതൃവര്യന്മാരെയും ഞങ്ങൾ തിരികെയെത്തിക്കും. അവരുടെ പാപങ്ങളിൽ നിന്നും ഞങ്ങൾ പ്രവാചകനെ രക്ഷപ്പെടുത്തും. ഇസ്ലാമിനെയും...

ഞങ്ങളുടെ വലതു കൈയിൽ മുസഹഫും ഇടതു കൈയിൽ വാളു മേന്തും.

ഞങ്ങളുടെ വലതു കൈയിൽ പരിശുദ്ധമായ കിതാബും

ഇടതു കൈയിൽ വാളുമേന്തും..

അവർ എത്രത്തോളം തരം താഴുകയോ.. അഹങ്കരിക്കുകയോ...

ചുട്ടു ചാമ്പലാക്കുകയോ നശിപ്പിക്കുകയോ ചെയ്തോട്ടെ,

അക്രമികളെ ഞങ്ങൾ പരാജയപ്പെടുത്തുക തന്നെ ചെയ്യും.

കീഴ്പ്പെടുത്താൻ കഴിയാത്ത ഒരു സ്വേച്ഛാധിപതിയെയും ചരിത്രമിന്നോളം കണ്ടിട്ടില്ല.

മംഗോളിയർ നമ്മുടെ രാജ്യത്തിന്റെ പരിശുദ്ധമായ ഓരോ ഇഞ്ചിൽ നിന്നും ഓടിപ്പോകും.

നാം അവർക്ക് പുറകിൽ തന്നെ ഉണ്ടാകും...

അവർ പോവുക തന്നെ ചെയ്യും.

നമ്മൾ അവരെ തീ കൊണ്ടും മിന്നലുകൾ കൊണ്ടും ചുഴലികൾ കൊണ്ടും എറിഞ്ഞോടിക്കും.

ഞങ്ങൾ അവർക്ക് പുറകിൽ തന്നെ ഉണ്ടാകും.

നമ്മുടെ അടങ്ങാത്ത കോപാഗ്നി കൊണ്ടും

വടികൾ കൊണ്ടും കോടാലികൾ കൊണ്ടും ചെരുപ്പുകൾ കൊണ്ടും കപ്പുകൾ കൊണ്ടും മുഖപടങ്ങൾ കൊണ്ടും അവരെ അറിയും. ഞങ്ങൾ അവർക്ക് പുറകിൽ തന്നെ ഉണ്ടാകും.

ഓരോ വീടുകളിലും സ്നേഹത്തിന്റെ സൂര്യൻ തിരിച്ചെത്തും വരെയും

ഓരോ വീടുകൾതോറും റോഡുകൾ തോറും ഞങ്ങളെവരെ പിന്തുടരും.

കുവൈറ്റ് കുവൈത്തിലേക്ക് തന്നെ മടങ്ങും. പ്രതിരോധം ഒരിക്കലും അവസാനിക്കുകയില്ല എന്റെ  മാതൃഭൂമി സ്നേഹത്തിന്റെയും സമാധാനത്തിന്റെയും ദ്വീപിലേക്ക് തിരിച്ചെത്തും വരെയും പ്രതിരോധം അവസാനിക്കുന്നില്ല.

പ്രതിരോധം ഒരിക്കലും അവസാനിക്കുന്നില്ല..

സ്വപ്നങ്ങളുടെ തീരങ്ങളിൽ മനോഹരമായ പീരങ്കി പന്തല് പോലെ കുവൈത് തിരികെയെത്തും. മംഗോളിയക്കാർ പരിശുദ്ധമായ നമ്മുടെ നാടിന്റെ ഓരോ ഇഞ്ചിൽ നിന്നും നിർദ്ദയം ആട്ടിയോടിക്കപ്പെടും.

## എന്റെ രാജ്യത്തേക്ക് മൂന്ന് അടിയന്തിര ടെലിഗ്രാമുകൾ

ഞങ്ങളെന്നും ക്ഷമയുടെയും സഹിഷ്ണുതയുടെയും ഔദാര്യത്തിന്റെയും ആളുകളായിരിക്കും..

ഒരിക്കൽ നിങ്ങൾ ഞങ്ങളെ മുറുപ്പെടുത്തിയാൽ

ആ മുറിവിന്റെ ഓർമ്മകളിലൂടെ റോസാപ്പൂക്കളായി ഞങ്ങൾ പുറത്തു വരും.

അല്ലെങ്കിൽ ഞങ്ങളുടെ ചിറകരിഞ്ഞാൽ ഞങ്ങൾ അതിനെക്കാൾ ചിറകുകളും ഹൃദയവുമുള്ളവരാകും....

അവർ ഞങ്ങളുടെ വീടുകളിൽ പ്രവേശിച്ചാൽ ഞങ്ങളുടെ റൊട്ടിക്കഷണങ്ങളും കാരക്കയും നൽകി ഭക്ഷണം ഞങ്ങൾ പങ്കിടും.

സ്നേഹത്താൽ അവരെ മൂടും. അവരുടെ ശോഭായാത്രകളിൽ പൂക്കളും ചെടികളും വിതറും.

ഞങ്ങൾ കുവൈത്തികൾ...

സൂര്യന് ആദിത്യമരുളലും അയൽക്കാരനെ

സംരക്ഷിക്കലും ഞങ്ങളുടെ പതിവാണ്.

ഞങ്ങൾ കുവൈത്തികൾ... അക്രമത്തെ നിരാകരിക്കലും പക്ഷികളെപ്പോലും സംസാരത്തിനായി ക്ഷണിക്കലും ഞങ്ങളുടെ പ്രകൃതമാണ്.

ഞങ്ങൾ കുവൈത്തികൾ.... സകല അക്രമങ്ങളെയും തടഞ്ഞു നിർത്തൽ ഞങ്ങളുടെ സ്വഭാവമാണ്. ആക്രമികളെ ഞങ്ങൾ വെറുക്കുന്നു.

ഞങ്ങൾ കുവൈത്തികൾ....
സ്നേഹിക്കുന്നവർക്ക് വേണ്ടി ഞങ്ങളുടെ ഹൃദയം പിഴിഞ്ഞെടുക്കൽ ഞങ്ങളുടെ പൈതൃകമാണ്.

എപ്പോഴും മനുഷ്യപക്ഷത്തു നിൽക്കലും..

എന്റെ ജനതയുടെ വാരിയെല്ലുകളിൽ കുന്തങ്ങൾ നാട്ടിയവരെ....

താൻ സ്നേഹിക്കുന്നവരുടെ മുഖങ്ങൾക്ക് മേൽ ആയുധമുയർത്താൻ ഒരാൾക്കെങ്ങനെയാകും..

കണ്ണുകൾക്ക് ഇമകളോട് പടവെട്ടാനാകുമോ?ഞങ്ങൾ കുവൈത്തികൾ ....

കടൽക്ഷോഭിക്കുന്നതും

കാറ്റിന്റെ ഇരമ്പലും ഞങ്ങളെ
ഭയപ്പെടുത്തുകയില്ല. ഞങ്ങൾ കൊടുങ്കാറ്റിൽ
ജീവിക്കുന്നവരാണ്.

ഞങ്ങൾക്ക് കടലിന്റെ പരിഭ്രാന്തിയും
ചോദ്യങ്ങളുമെന്തെന്നറിയാം.

അതിനാൽ നിങ്ങൾ കുതിരകളും
വസ്തുവകകളും  കൂട്ടിക്കെട്ടി
തിരികെപ്പോവുക...

ചരിത്രത്തെ മാറ്റാനോ ആത്മാക്കളെ
കോളനിവൽക്കരിക്കാനോ ആർക്കുമാകില്ല

സൂര്യപ്രകാശത്തെ കെടുത്തിക്കളയാനും
പുലരിയെ കണ്ടുകെട്ടാനും ആർക്കാകും...?

## ആരാണ് കുവൈത്തിനെ കൊലപ്പെടുത്തിയത്..?

ആരാണ് കുവൈത്തിനെ
കൊലപ്പെടുത്തിയത്..?

ഈ ചോദ്യം എന്റെ ഹൃദയത്തിലും...
ബുദ്ധിയിലും ഒരു തീപ്പുഴ പോലെ
പൊട്ടിത്തെറിക്കുന്നു...

എങ്ങനെയാണ്

ഒരു കാരണവുമില്ലാതെ പൂക്കൾ മരിക്കുന്നത് ?
എങ്ങനെയാണ്

ഒരു കാരണവും കൂടാതെ ഈന്തപ്പനകൾ
മരിച്ചു വീഴുന്നത്?

കുവൈത്തിന്റെ കൊലയാളി
ഒരനറബിയാണോ..? അതോ അറബിനാട്ടിൽ
നിന്നും വന്ന അറബിയോ?

ആരാണ് കുവൈത്തിനെ
കൊലപ്പെടുത്തിയത്?

ആരാണ് മനോഹരമായ വെൺപ്രാവുകളെ അറുത്തു കൊന്നത്?ആരാണ് സുതാര്യമായ നീല കവിതകളെ കൊലപ്പെടുത്തിയത്.?

ആരാണ് കുഞ്ഞുങ്ങളുടെ ഓർമ്മകളിൽ നിന്ന് കുവൈത്തിനെ കവർന്നെടുത്തത്?

ആരാണ് സ്ത്രീകളുടെ മോതിരത്തിൽ നിന്ന് മാണിക്യം കവർന്നത്...?

ആരാണ് ചരിത്രവും ഭൂമിശാസ്ത്രവും മോഷ്ടിച്ചത്?

ആരാണ് സമയവും കാലവും ജീവനും ജീവിതങ്ങളെയും കട്ടെടുത്തത്..?

ആരാണ് ജനങ്ങളെ അവരുടെ സ്ഥാനങ്ങളിൽ നിന്നും പിഴുതെടുത്തത്? മുഖങ്ങളും കണ്ണുകളും പേരുകളും മാറ്റിയത് ആരാണ്?

ആരാണ് കുവൈത്തിനെ കൊലപ്പെടുത്തിയത്..? നാശത്തിലേക്ക് നയിക്കുന്ന നോവിനാൽ സന്തോഷം കണ്ടെത്തുന്ന പ്രവണത നമ്മിലുണ്ടോ?

അതോ ബദൂയിനുകളെ  ഇരയാക്കാനുള്ള ബദൂയിനുകളുടെ ആഗ്രഹം

നമ്മിലുണ്ടോ..?

ആരാണ് കുവൈത്തിനെ
കൊലപ്പെടുത്തിയത്?

ആരാണ് ഈത്തപ്പനകളേയും പച്ചനിറമുള്ള ചന്ദ്രനെയും അറബിസ്ത്രീകളുടെ കണ്ണിലെ കണ്മഷിയെയും  വധശിക്ഷക്ക് വിധിച്ചത്?

ആരാണ് കുവൈത്തിനെ
കൊലപ്പെടുത്തിയത്?

കൊലയാളി മേഘങ്ങളിൽ നിന്നും വീണതോ

സ്വപ്ന ലോകത്തു നിന്നും വന്നതോ അല്ലല്ലോ...

അതോ നമ്മളാരും സിസ്റ്റം കോഴ്സിൽ പങ്കെടുത്തില്ലേ....? അല്ലെങ്കിൽ സിസ്റ്റം മാസ്റ്ററെ നമ്മൾ കയ്യടിച്ചു പ്രോത്സാഹിപ്പിച്ചില്ലേ....? അതോ നമ്മൾ നമ്മുടെ കവിതകൾ കൊണ്ടും കഥകൾ കൊണ്ടും ഭരണാധിപൻമാരുടെ ഷൂ തുടച്ചില്ലേ....

അതോ അവരുടെ തെറ്റുകളെ

മധുരമാർന്ന വാക്കുകൾ കൊണ്ടും ഏറ്റവും നല്ല കളവുകൾ കൊണ്ടും നാം മനോഹരമാക്കി മാറ്റിയില്ലേ..?

തീർഥടകരുടെ  യാത്രയിൽ നാം ആടുകളെപ്പോലെ സഞ്ചരിച്ചില്ലേ..

ഇതാണ് കുവൈറ്റിനെ കൊലപ്പെടുത്തിയത്

മാന്യരേ;

അത് അജ്ഞാതമായ ആഴങ്ങളിൽ നിന്ന് വന്നതല്ല

അത് കർബലയെ കുറിച്ചുള്ള ചിന്തയുടെ ഭയാനകമായ വിപുലീകരണമാണ്...
കർബലയുടെ അതിക്രമവും..

ഹുസൈൻ ഒറ്റിക്കൊടുക്കപ്പെട്ടതും

കൊലപ്പെട്ടതും   കർബലയിലെ മണലിൽ...

കൊലയാളി,ഗോതമ്പ്, ബാർലി, പയർവർഗ്ഗങ്ങൾ പോലെയുള്ള നമ്മുടെ നാടിന്റെ ഉൽപന്നങ്ങളിൽ ഒന്നു തന്നെയാണ്.

കൊലയാളി,

പ്രവാചകന്റെ വസ്ത്രം മോഷ്ടിച്ച സാഹസികനല്ലാതെ മറ്റാരുമല്ല..

ഇതാണ്

കുവൈറ്റിനെ കൊലപ്പെടുത്തിയത്....

അത്. മറ്റൊരിടത്തുനിന്നും വന്നതല്ല,

നമ്മുടെ ഗർഭപാത്രത്തിൽ നിന്നാണ് വന്നത്.

നമ്മുടെ വിളറിയ മുഖത്തു നിന്നും...

നമ്മുടെ ബലഹീനതകളിൽ നിന്നും...

നമ്മുടെ കൗശലത്തിൽ നിന്നും....

നമ്മുടെ വഞ്ചനയിൽ നിന്നും

നമ്മുടെ ആത്മസ്നേഹത്തിൽ നിന്നും

നമ്മുടെ രക്തത്തിലലിഞ്ഞു ചേർന്ന അധികാരത്തിന്റെ കെട്ടുകളിൽ നിന്നും.....

ഇതാണ്...

കുവൈറ്റിനെ കൊലപ്പെടുത്തിയത്.....

വംശപരമ്പര ഇല്ലാതെയല്ല. .

ഇത് നമ്മുടെ രക്തത്തിൽ നിന്നും മാംസത്തിൽ നിന്നും വന്നതാണ്.

അത് നമ്മുടെ സർവ തെറ്റുകളുടെയും സംഗ്രഹമാണ്. .

ഇതാണ്

കുവൈറ്റിനെ കൊലപ്പെടുത്തിയത്....

അത് എങ്ങുനിന്നും വന്നതല്ല

നമ്മൾ അത് സ്വന്തം അളവുകോൽ കൊണ്ടു നിർമ്മിച്ചെടുത്തതാണ്.

ആരാണ് കുവൈത്തിനെ കൊലപ്പെടുത്തിയത് ..?

..മതി നിർത്താം....

നമുക്ക് വിധിയെ പഴിക്കാം...

പ്രേതങ്ങളെ ശപിക്കാം...

മതി മതി...

നമുക്ക് അവളുടെ കബറിന്മേൽ ഇരുന്നുകൊണ്ട് വസ്ത്രങ്ങൾ കീറിപ്പറിക്കാം...

ആത്മാക്കളെ പുറത്തുകൊണ്ടുവരാം.

മതി നിർത്താം

നമുക്ക് നമ്മുടെ തെറ്റുകളിൽ നിന്നും ഓടിയകലാം...

നമ്മുടെ  കരങ്ങളിലൂടെയല്ലേ ഈ മഹാകൊലപാതകി വളർന്നത്...

ആരാണ് കുവൈത്തിനെ കൊലപ്പെടുത്തിയത്..? സിരകളിൽ നിന്നും

സിരകളിലേക്കുള്ള കടൽ ആരാണ്  അറുത്ത് മാറ്റിയത്....

ആരാണ് സ്ത്രീകളെ പരദേശങ്ങളിലേക്കും കുട്ടികളെ അജ്ഞാത സ്ഥലങ്ങളിലേക്കു മയച്ചത്..?

ദുരന്തത്തിന്റെ ക്രൂരതയിൽ നിന്ന് രക്ഷപ്പെടാൻ ഒരാൾക്കും കഴിയില്ല..

കുവൈറ്റിന്റെ രക്തം ഞങ്ങളുടെ വസ്ത്രങ്ങളിൽ പടർന്നിട്ടുണ്ട്...

ജനങ്ങളും സ്വേച്ഛാധിപതികളെ സൃഷ്ടിക്കുന്നില്ലേ? .

കുവൈറ്റിനെ തകർത്തത് ആരാണ്? .

നമുക്ക് ഐക്യവും ദേശീയതയും വിൽക്കുന്ന കടകൾ.

ധാർമ്മിക മലിനീകരണം,

ദേശീയ അപചയം... കെട്ടിച്ചമയ്ക്കൽ, കരഘോഷം, വാങ്ങൽ, കയറ്റുമതി, സിദ്ധാന്തവൽക്കരണം എന്നിവയുടെ യുഗത്താൽ കുവൈത് നശിപ്പിക്കപ്പെട്ടു.

ഒപ്പം നിരക്ഷര എഴുത്തും. .

സാഹസം., ഭ്രാന്ത്, വ്യക്തിഗത വ്യവസ്ഥകൾ എന്നിവയാലും...

ആയിരമായിരം ഭരണാധികാരികളുടെയും

യാതൊരു സന്ദേശവുമില്ലാത്ത പ്രവാചകന്മാരുടെയും ...വിഷയങ്ങളില്ലാത്ത നബിമാരുടെയും

കൽപ്പനപ്രകാരം,

ഖുർആനെ നാസിസം കൊണ്ട് മാറ്റിസ്ഥാപിച്ചു.

ചിന്തകൾ അപ്പെൻറിക്സ് ആയി മാറും വരെയും നമ്മുടെ അക്ഷരങ്ങൾ മരം പോലെ വിറങ്ങലിച്ചു പോകുന്നത് വരെയും കുറൈവെത്ത് വീണിട്ടില്ല

നമ്മുടെ ചിന്തകൾ  മരം പോലെ വിറങ്ങലിച്ചു...

ചുണ്ടുകൾ ഹിമക്കട്ടയായി  മാറി.

സ്വാതന്ത്രത്തിൻറെ കതിർക്കുലകൾ താഴെവീണ് നിമിഷങ്ങൾക്കുള്ളിൽ സർവ നിയമങ്ങളെയും ചവച്ചിറക്കാൻ കെൽപ്പുള്ള ഒരൊറ്റ യുദ്ധടാങ്കായി മാറും വരെയും കുറൈവെത്ത് വീണില്ല.

ആരാണ് കുറൈവെത്തിനെ കൊലപ്പെടുത്തിയത്?ഞാൻ അല്ലെന്നു പറയാൻ ഒരാളും ധൈര്യപ്പെടുകയില്ല.

കൊലപാതക കുറ്റത്തിൽ നമ്മളെല്ലാവരും പങ്കുകാരാണ്. പാമ്പിനെ വളർത്തുന്നതിലും പിശാചിനെ നിർമ്മിച്ചതിലും...

അക്രമികളെ നമ്മൾ പ്രോത്സാഹിപ്പിച്ചു..

നമ്മൾ എന്തിനാണ് നമ്മുടെ വിഗ്രഹങ്ങളെക്കുറിച്ച് പരാതി

പറയുന്നത്..?വിഗ്രഹങ്ങൾ
കൊത്തിയെടുക്കുന്നത് നമ്മുടെ
കരവിരുതായിരുന്നില്ലേ.?

ആരാണ് കുവൈത്തിനെ
കൊലപ്പെടുത്തിയത്? നമ്മൾ ജീവിക്കുന്ന ഈ
കൂട്ടക്കൊലയുടെ കാലത്ത്

യാദൃശ്ചികതകളൊന്നുമില്ല.

അന്ധമായ സാഡിസത്തിന്റെ
കാലഘട്ടത്തിൽ കറുത്ത
ഫാസിസത്തിന്റെയും  കള്ളന്മാരുടെയും,
ഭരണാധിപന്മാരുടെയുംകച്ചവടക്കാരുടെയും
കാലഘട്ടത്തിൽ യാദൃശ്ചികതകളൊന്നുമില്ല.

ജനങ്ങൾ ഭയചകിതരായ മുയലുകളായി
മാറിയ ഈ കാലഘട്ടത്തിൽ

കൊടുങ്കാറ്റാഞ്ഞടിക്കുന്ന
ഹൃദയവുമായല്ലാതെ മനുഷ്യന്
താമസിക്കാനൊരിടവുമില്ല.

കുവൈത്ത് അതിന്റെ ചാരത്തിൽ നിന്നും
പുനർജനിക്കും.

ഫീനിക്സ് പക്ഷിയെ പോലെ അത് തന്റെ
ജൈത്ര യാത്ര തുടരും..

സിന്ദാബാദിന്റെ കോട്ടകൾ ഉയർത്തും.

കുട്ടികളുടെ നോട്ടുബുക്കിൽ പുല്ലുകൾ നട്ടുപിടിപ്പിക്കും. ഗൾഫിലെ ഓരോ തിരമാലകളും വിളിച്ചു പറയും....

ജിഹാദിനായി ജീവിക്കൂ....

ജിഹാദിനായി ജീവിക്കൂ...

എല്ലാത്തിനുമൊടുവിൽകൊല്ലപ്പെട്ടവന് തന്റെ കൊലയാളിയോട് പകരം ചോദിക്കൽ അനിവാര്യമാകും..

ആരാച്ചാരുടെ കഴുത്തിനു ചുറ്റും കയർ ചുറ്റപ്പെടും.

## കുവൈത്ത് മേലങ്കിയിലെ ലിഖിതങ്ങൾ

അല്ലയോ വിജയത്തിന്റെ പ്രഭാതമേ...

എന്റെ പ്രിയപ്പെട്ട കുവൈത്ത് മനോഹരമായ

വർണ്ണങ്ങൾ ഉള്ള എന്റെ ജലപക്ഷി...
ഏഴുമാസത്തെ ബന്ധനത്തിന് ശേഷം
മറവിയുടെ താളുകളിൽ നിന്നും വെളുത്ത
റോസാപ്പൂ കണക്കെ നീ ഉദിച്ചുയർന്നു.
വിരിഞ്ഞു നിന്നു...

ഗോതമ്പ് കുലകൾ അതിനെ തകർത്തവന്റെ
മേൽ വിജയം സ്ഥാപിച്ചിരിക്കുന്നു.

പ്രണയ പക്ഷി അതിന്റെ വേട്ടക്കാരനു മേൽ
ആധിപത്യം സ്ഥാപിച്ചു.

പിശാചിനെ അല്ലാഹു കീഴടക്കി.

എന്റെ പ്രിയപ്പെട്ടവളേ...

ഈ വിഷമഘട്ടങ്ങളിലും നീ എത്രമാത്രം
സുന്ദരിയായിരുന്നു..

ദേശീയ മലിനീകരണത്തിന്റെയും

വിപ്ലവാത്മക ഏറ്റക്കുറച്ചിലിന്റെയും
നന്ദികേടിന്റെയും നിഷേധത്തിന്റെയും
കാലഘട്ടങ്ങളിൽ എത്രമാത്രം
പരിശുദ്ധയായിരുന്നു നീ..

നിന്ദ്യതയുടെ മേശപ്പുറത്ത് പോലും
എത്രമാത്രം മഹാ മനസ്കയായിരുന്നു നീ..

കുള്ളന്മാരുടെ കാലഘട്ടത്തിൽ നീ എത്ര ഉയർന്നവളായിരുന്നു..

എന്റെ പ്രണയത്തിന്ററെ പ്രഭാതമേ

എന്റെ ഹൃദയത്തിലെ ആപ്പിൾ കഷ്ണമേ....

എന്ററെ പവിഴകങ്കണമേ...

ഓ ഫൈലകാ.... കടലിന്ററെ പ്രഭാതമേ....

ഓ ബൂബയാൻ തിരമാലകളുടെ പ്രഭാതമേ...

ഓ നന്മയുടെ പ്രഭാതമേ......

ഓ മുഷ്രിഫ്...

യർമൂക്....

വഫ്ര....

ജഹ്റ....

ശുവൈഹ്....

ദസ്മാൻ...

ചാരത്തിൽ നിന്നും ജന്മം കൊണ്ട എന്ററെ മാതൃരാജ്യമേ... ഉന്ഫുവാൻ  ഈത്തപ്പനകളെ... എന്ററെ കവിതകളിലെ അതിമനോഹരമായ അക്ഷരങ്ങളെ... അല്ലയോ രാജ്യങ്ങളുടെ രാജ്യമേ...

ഞങ്ങളുടെ മാതാവേ..

കുവൈത്ത്

ഈ പ്രവാസത്തിനുശേഷം  ഞങ്ങളെ നിന്റെ നെഞ്ചോട് ചേർക്കൂ....

നീയില്ലാത്ത ഞങ്ങൾ അനാഥരായ സൈന്യമാണ്.

 നീയില്ലാത്ത ഞങ്ങൾ സ്നേഹവും സമാധാനവും ഊഷ്മളതയുമെന്തെന്നറിയാത്തവരാണ്.. നീയില്ലാത്ത ഞങ്ങൾ ദിവസങ്ങളുടേയും മാസങ്ങളുടേയും ഭൂപടങ്ങൾ നഷ്ടപ്പെട്ട യാത്രക്കാരാണ്...

നീയില്ലാത്ത ഞങ്ങൾ സംസാരത്തിന്റെ ആദ്യാക്ഷരങ്ങൾ മറന്നുപോയ പ്രാവുകളാണ്..

ഞങ്ങളുടെ മാതാവേ കുറൈവെത്ത്...

പ്രണാമം പ്രണാമം പ്രണാമം...

ഞങ്ങളുടെ പ്രവാസത്തിൽ ഞങ്ങൾ തളർന്നു പോയിരിക്കുന്നു. ഞങ്ങൾക്ക് മേൽ നിന്റെ വാത്സല്യത്തിന്റെ വിരികൾ വിതാനിക്കൂ...

 ഏഴുമാസങ്ങൾ കഴിഞ്ഞു പോയിരിക്കുന്നു..

 സ്ഥലകാലങ്ങളിൽ ഞങ്ങൾ നഷ്ടപ്പെട്ടു പോയിരിക്കുന്നു.

 ഞങ്ങളുടെ മാതാവേ.. കുറൈവെത്ത്...

അക്രമികളുടെ രാജ്യം മാറി.....

ചങ്ങലകൾ തകർന്നു...

കഴുത്തുവെട്ടി യന്ത്രങ്ങൾ ചുട്ടുചാമ്പലായി.... ഗോതമ്പു കതിരുകൾ അതിനെ അറുത്തെടുത്തവർക്ക് മേൽ ആധിപത്യം ചെലുത്തിയിരിക്കുന്നു. സ്നേഹത്തിൻറെ പക്ഷി അതിന്റെ വേട്ടക്കാരനുമേൽ വിജയം പ്രാപിച്ചിരിക്കുന്നു. അല്ലാഹു പിശാചിന് മേൽ വിജയം വരിച്ചിരിക്കുന്നു.

എന്റെ തിങ്കളെ.....

ഒരിടത്തും മറയാത്ത എന്റെ വേനൽക്കാല നിലാവേ.... മരണത്തിന്റെയും തീ ജ്വാലകളുടെയും പുകയുടെയും ഉപരോധത്തിന്റെ ഏഴു മാസങ്ങൾക്കിപ്പുറം എന്റെ പ്രിയപ്പെട്ടവളെ, കുവൈത്ത് നീ തിരികെയെത്തിയിരിക്കുന്നു.

പുൽനാമ്പുകളെ ഭിത്തിയിൽ പടർന്നു കയറുന്നതിൽ നിന്നും തടയാൻ ആർക്കു കഴിയും...? ഒരാൾക്കുമാകില്ല.... മനുഷ്യസ്വാതന്ത്ര്യത്തെ കുപ്പിയിലടയ്ക്കാൻ ഒരാൾക്കുമാകില്ല.

വാളുകളുടെ ചങ്ങാതികളെ, രാക്ഷസൻമാരോട് വടികൾകൊണ്ടും കോടാലികൾ കൊണ്ടും പല്ലുകൾ കൊണ്ടും നിങ്ങൾ യുദ്ധം ചെയ്യുമ്പോൾ എൻറെ ഹൃദയം നിങ്ങൾക്കൊപ്പമുണ്ടായിരുന്നു.

നിങ്ങളുടെ മഹത്വത്താൽ

വളരെ ശക്തിയോടെ വിജയ പതാക പാറിക്കൊണ്ട് കുവൈത്തിനെ നമുക്ക് തിരിച്ചുകിട്ടിയിരിക്കുന്നു.

നിങ്ങളുടെ മഹത്വത്താൽ നമ്മുടെ ആശ്രമം നമ്മളിലേക്ക് തിരികെ യെത്തിയിരിക്കുന്നു. ഗോപുരങ്ങളും വെളുത്ത പക്ഷികളും പ്രാവുകളും മടങ്ങിയെ ത്തിയിരിക്കുന്നു. ഹൃദയംകൊണ്ടും എല്ലുകൾ കൊണ്ടും കൺപോളകൾ കൊണ്ടും നമ്മുടെ രാജ്യത്തെ കാത്തവരെ...

നിങ്ങളുടെ മഹത്വത്താൽ നാം കുവൈത്തിനെ പുനർ നിർമ്മിക്കും

അതിൻറെ തീരങ്ങളിൽ നാം ഇന്തപ്പനകൾ നട്ടുവളർത്തും. റൈഹാൻ പുഷ്പങ്ങൾ നാം കൃഷിh ചെയ്യും. തീർച്ചയായും ഈ സമൂഹം പ്രളയത്തേക്കാൾ ശക്തരാണ്.